# വൈകാരികതയും ദൈനംദിനജീവിതവും


മനസ്സറിയുക ശരീരവും

ഡോ.(സി.) ഷാലു കോയിക്കര


പരീക്ഷയിൽ ഉന്നതവിജയം വരിക്കുമ്പോൾ സന്തോഷിക്കാത്തവരായി ആരുമുണ്ടാവില്ല.

ഉറ്റവരുടെ വിയോഗത്തിൽ ദുഃഖിക്കാത്തവരുണ്ടോ?

പല പ്രാവശ്യം പറഞ്ഞിട്ടും അനുസരണക്കേടു കാണിക്കുന്ന മകനോടു മാതാപിതാക്കൾക്ക് ദേഷ്യം തോന്നാതിരിക്കുമോ?

സ്വച്ഛമായൊഴുകുന്ന നദിയുടെ തീരത്തിരിക്കുമ്പോൾ ആരുടെ ഹൃദയത്തിലാണ് ശാന്തത നിറയാത്തത്?

പത്തിവിടർത്തി നില്ക്കുന്ന പാമ്പിന്റെ മുൻപിൽ ഭയമല്ലേ അനുഭവപ്പെടുക?

ഇത്തരത്തിൽ ദൈനംദിന ജീവിതത്തിൽ വികാരങ്ങളുടെ വേലിയേറ്റവും വേലിയിറക്കവും അനുഭവിക്കാത്തവരായി ആരുമുണ്ടാവില്ല.

**വൈകാരികാനുഭവങ്ങൾക്കനുസരിച്ച് ഒരുവന്റെ ശരീരത്തിലും മാറ്റങ്ങൾ അനുഭവപ്പെടും. ഉദാഹരണത്തിന് ഹൃദയമിടിപ്പ് കൂടുക, ശ്വാസോച്ഛ്വാസത്തിന്റെ വേഗത വർധിക്കുക, വിയർക്കുക, കൈകാലുകൾക്ക് തണുപ്പനുഭവപ്പെടുക, വയറ്റിൽ എരിച്ചിലോ മറ്റോ ഉണ്ടാവുക തുടങ്ങിയവയെല്ലാം വികാരത്തിന്റെ തീവ്രതയനുസരിച്ചും വ്യക്തിത്വത്തിന്റെ പ്രത്യേകതയനുസരിച്ചും അനുഭവപ്പെടാവുന്നതാണ്.**

## എന്താണ് വികാരം?

ക്ഷോഭിക്കുക, അനങ്ങുക എന്നൊക്കെ അർത്ഥം വരുന്ന 'ഇമോവീരെ' 'Emovere' എന്ന ലത്തീൻ വാക്കിൽ നിന്നാണ് 'ഇമോഷൻ' 'Emotion' എന്ന വാക്കിന്റെ ഉത്ഭവം. ഒരുവന്റെ പെരുമാറ്റത്തിന് ഇളക്കമിടുകയും അതിനെ നിയന്ത്രിക്കാൻ കഴിവുണ്ടായിരിക്കുകയും ചെയ്യുന്ന, ഉത്തേജിപ്പിക്കപ്പെട്ട അവസ്ഥയ്ക്കാണ് വികാരം എന്നു പറയുന്നത്. ഇതു വസ്തുനിഷ്ഠമെന്നതിനെക്കാൾ വ്യക്തിപരമാണ്.

വ്യത്യസ്ത സാഹചര്യങ്ങളിൽ മനുഷ്യമനസ്സ് വിഭിന്നവികാരങ്ങളിൽ കൂടി കടന്നുപോകുന്നുവെന്നത് ദിവസേനയുള്ള അനുഭവമാണ്. ഇത് ആനന്ദപ്രദമോ അല്ലാത്തതോ ആകാം. വൈകാരികാനുഭവങ്ങൾക്കനുസരിച്ച് ഒരുവന്റെ ശരീരത്തിലും മാറ്റങ്ങൾ അനുഭവപ്പെടും. ഉദാഹരണത്തിന് ഹൃദയമിടിപ്പ് കൂടുക, ശ്വാസോച്ഛ്വാസത്തിന്റെ വേഗത വർധിക്കുക, വിയർക്കുക, കൈകാലുകൾക്ക് തണുപ്പനുഭവപ്പെടുക, വയറ്റിൽ എരിച്ചിലോ മറ്റോ ഉണ്ടാവുക തുടങ്ങിയവയെല്ലാം വികാരത്തിന്റെ തീവ്രതയനുസരിച്ചും വ്യക്തിത്വത്തിന്റെ പ്രത്യേകതയനുസരിച്ചും അനുഭവപ്പെടാവുന്നതാണ്.

വികാരങ്ങൾ എത്രവിധം എന്നതിനെക്കുറിച്ച് മനഃശാസ്ത്രജ്ഞരുടെ ഇടയിൽ വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. സിൽവാൻ ടോംകിൻസിന്റെ കാഴ്ചപ്പാടിൽ അടിസ്ഥാന വികാരങ്ങളായി പറയപ്പെടുന്നത് ഭയം, ദേഷ്യം, ആസ്വാദന താത്പര്യം, അത്ഭുതം, വെറുപ്പ്, ലജ്ജ, ഇഷ്ടക്കേട്, ആശാഭംഗം തുടങ്ങിയവയാണ്. വികാരം ഏതാണെങ്കിലും അത് ഏതെങ്കിലുമൊരു അവസ്ഥയോടുള്ള മനുഷ്യമനസ്സിന്റെ പ്രതികരണമാണ്.

## വികാരങ്ങൾക്ക് തലച്ചോറുമായുള്ള ബന്ധമെന്ത്?

തലച്ചോറിലുള്ള ലിംബിക്സിസ്റ്റം ആണ് വികാരങ്ങളെ നിയന്ത്രിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നത്. ലിംബിക് റിംഹിന്റെ അടിഭാഗത്തായി ബദാം കായുടെ ആകൃതിയിലുള്ള അമിഗ്ഡാലയാണ് വൈകാരിക നിയന്ത്രണത്തോട് ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്. തലച്ചോറിൽ നിന്ന് അമിഗ്ഡാല നീക്കം ചെയ്ത ഒരു വ്യക്തി ആരോടും വൈകാരിക അടുപ്പം കാണിക്കില്ല. ജോസഫ് ലീഡക്സ് എന്ന ന്യൂറോ വിദഗ്ധനാണ് വൈകാരിക ജീവിതത്തിൽ അമിഗ്ഡാലയുടെ പങ്ക് കണ്ടുപിടിച്ചത്.

ചിന്തയെ നിയന്ത്രിക്കുന്ന നിയോകോർട്ടക്സും അമിഗ്ഡാലയും ചേർന്നാണ് വൈകാരിക ബുദ്ധിയുടെ കേന്ദ്രമായി പ്രവർത്തിക്കുന്നത്. ചില സാഹചര്യങ്ങളിൽ ബുദ്ധിപരമായി ചിന്തിച്ച് കാര്യങ്ങൾ തീരുമാനിക്കുന്നതിനു മുൻപായി സ്വഭാവിക പ്രവണത കൊണ്ടെന്നപോലെ നാം അറിയാതെ കാര്യങ്ങൾ ചെയ്തുപോകും. ഉദാഹരണത്തിന് ഒരു പാമ്പിനെ കണ്ടാൽ, ഒരു കുട്ടി വെള്ളത്തിൽ വീണതു ശ്രദ്ധയിൽപെട്ടാൽ ചിന്തിക്കാതെ തന്നെ പെട്ടെന്നു നാം പ്രവൃത്തിയിലേക്കു കടക്കുന്നു. പാമ്പിനെ കണ്ടയാൾ ഓടി രക്ഷപെടാൻ ശ്രമിക്കുകയോ കുട്ടി വെള്ളത്തിൽ വീണതു കണ്ടാൽ വെള്ളത്തിലേക്ക് എടുത്തുചാടി കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കുകയോ അതിനു സാധിച്ചില്ലെങ്കിൽ ഉച്ചത്തിൽ നിലവിളിച്ച് ആളുകളെ വരുത്തി കുട്ടിയെ രക്ഷിക്കാൻ നോക്കുകയോ ചെയ്യുന്നു.

ഇവിടെ ചിന്തയ്ക്കു മുൻപായി കാര്യങ്ങൾ നടക്കുകയാണ്. ഭയമാണ് ഇവിടുത്തെ വികാരം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അമിഗ്ഡാല ആപത്സൂചകധ്വനി (അലാറം) യായി പ്രവർത്തിക്കും. തലച്ചോറിന്റെ എല്ലാഭാഗത്തേക്കും അത്യാഹിത സന്ദേശമയയ്ക്കും. ഓടിരക്ഷപെടാനോ ഏറ്റുമുട്ടാനോ ആവശ്യമായ ഹോർമോണുകൾ പുറപ്പെടുവിക്കും. ഇതിനെത്തുടർന്ന് ഹൃദയത്തിന്റെ മിടിപ്പും രക്തയോട്ടവുമൊക്കെ ധൃതഗതിയിലാകും.



തലച്ചോറിലെ ലിംബിക്സിസ്റ്റം



വേണ്ട നടപടികളെടുക്കുകയും ചെയ്യുന്നതിനാൽ ആണ് ഇത് സാധ്യമാകുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും വികാരം, ബുദ്ധിയെ മറികടക്കുന്നതായി നാം കാണുന്നു. ആവശ്യമെങ്കിൽ വൈകാരിക സിസ്റ്റത്തിന് നിയോകോർട്ടക്സിന്റെ സഹായമില്ലാതെ പ്രവർത്തിക്കാനാകും.

ഇപ്പോൾ സംഭവിക്കുന്ന കാര്യങ്ങളും കഴിഞ്ഞകാലങ്ങളിൽ സംഭവിച്ചവയും തമ്മിൽ താരതമ്യം ചെയ്തു മനസ്സിലാക്കുക എന്നുള്ളതും അമിഗ്ഡാലയുടെ ധർമമാണ്. ചിലപ്പോൾ സാഹചര്യത്തിനു ചേരാത്ത പഴയ പ്രതികരണ രീതികൾ അമിഗ്ഡാലവഴി ഉണ്ടായെന്നുമിരിക്കും. ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കാൻ പ്രായമാകുന്നതിനു മുമ്പുതന്നെ അമിഗ്ഡാല വളർച്ച പ്രാപിക്കുന്നതു കൊണ്ട് വൈകാരിക ഓർമകൾ വളരെ ചെറുപ്പത്തിലേ തലച്ചോറിൽ രേഖപ്പെടുന്നു.

**ചില സാഹചര്യങ്ങളിൽ ബുദ്ധിപരമായി ചിന്തിച്ച് കാര്യങ്ങൾ തീരുമാനിക്കുന്നതിനു മുൻപായി സ്വഭാവിക പ്രവണത കൊണ്ടെന്നപോലെ നാം അറിയാതെ കാര്യങ്ങൾ ചെയ്തുപോകും. ഉദാഹരണത്തിന് ഒരു പാമ്പിനെ കണ്ടാൽ, ഒരു കുട്ടി വെള്ളത്തിൽ വീണതു ശ്രദ്ധയിൽപെട്ടാൽ ചിന്തിക്കാതെ തന്നെ പെട്ടെന്നു നാം പ്രവൃത്തിയിലേക്കു കടക്കുന്നു. പാമ്പിനെ കണ്ടയാൾ ഓടി രക്ഷപെടാൻ ശ്രമിക്കുകയോ കുട്ടി വെള്ളത്തിൽ വീണതു കണ്ടാൽ വെള്ളത്തിലേക്ക് എടുത്തുചാടി കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കുകയോ അതിനു സാധിച്ചില്ലെങ്കിൽ ഉച്ചത്തിൽ നിലവിളിച്ച് ആളുകളെ വരുത്തി കുട്ടിയെ രക്ഷിക്കാൻ നോക്കുകയോ ചെയ്യുന്നു. ഇവിടെ ചിന്തയ്ക്കു മുൻപായി കാര്യങ്ങൾ നടക്കുകയാണ്. ഭയമാണ് ഇവിടുത്തെ വികാരം.**

എങ്ങനെയാണ് ഈ പ്രവർത്തനങ്ങൾ ഇത്ര വേഗത്തിൽ സാധ്യമാകുന്നത്? ലീഡക്സിന്റെ പഠനമനുസരിച്ച് കണ്ണിൽ നിന്നോ കാതിൽ നിന്നോ ഉള്ള സന്ദേശം ആദ്യം തലച്ചോറിലെ തലാമസിലെത്തുകയും അവിടെ നിന്ന് അമിഗ്ഡാലയിലെത്തുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ സന്ദേശം തലാമസിൽ നിന്ന് നിയോകോർട്ടക്സിലും എത്തുന്നു. ചിന്തയുടെ കേന്ദ്രമായി പ്രവർത്തിക്കുന്നത് നിയോ കോർട്ടക്സ് ആണ്.

പഞ്ചേന്ദ്രിയങ്ങളിൽ നിന്നുള്ള വിവരങ്ങൾ നിയോകോർട്ടക്സിലെത്തി വിശകലനം ചെയ്ത് തീരുമാനമെടുക്കുന്നതിനു മുമ്പ് അമിഗ്ഡാല വിവരങ്ങൾ ശേഖരിക്കുകയും പെട്ടെന്നു

ജീവിതത്തിന്റെ ശൈശവം, ബാല്യം, കൗമാരം, പ്രായപൂർത്തി, വാർധക്യം തുടങ്ങിയ വ്യത്യസ്തഘട്ടങ്ങളിൽ വൈകാരികാനുഭവത്തിനും അതിന്റെ പ്രകടനത്തിനും വ്യത്യാസമുണ്ട്. കൗമാരം വൈകാരിക തീവ്രതയുടെ കാലഘട്ടമാണ്. അനുഭവങ്ങൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലിന്റെ പ്രായമാണത്. വൈകാരിക തീവ്രതയിൽ ജീവിക്കാനാണ് കൗമാരക്കാർ ഇഷ്ടപ്പെടുന്നത്. ശരീരത്തിലും മനസ്സിലും അനുഭവപ്പെടുന്ന മാറ്റങ്ങൾ അവയെന്താണെന്ന് അനുഭവിച്ചറിയാനുള്ള ജിജ്ഞാസയിലേക്കും കൂടി അവരെക്കൊണ്ടുപോകും. മാറ്റങ്ങൾ മുഴുവൻ അംഗീകരിക്കാൻ സാധിക്കാത്തതുകൊണ്ടു വികാരങ്ങൾ തീവ്രമായിരിക്കും. ◻

CYAN MAGENTA YELLOW BLACK

ശാസ്ത്രം

പ്രൊഫ. എസ്.ആർ. പ്രഭാകരൻ നായർ

# കമ്പ്യൂട്ടറും ഇന്റർനെറ്റും കേരളത്തിൽ ചരിത്രവും ഭാവി സാധ്യതകളും

കമ്പ്യൂട്ടറും ഇന്റർനെറ്റും ജീവിതത്തിലെ എല്ലാ മേഖലകളിലും, പ്രത്യേകിച്ച് വാർത്താവിനിമയ രംഗത്തും, ശാസ്ത്ര പഠന രംഗത്തും, ആരോഗ്യ, സാമ്പത്തിക, സാംസ്കാരിക മേഖലകളിലും ദൈനംദിന ജീവിതചര്യകളിലും വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ലോകചരിത്രത്തിലെ സുപ്രധാന വഴിത്തിരിവാണ്. കമ്പ്യൂട്ടറിന് അറുപതോളവും ഇന്റർനെറ്റിന് നാല്പതിൽ താഴെയും വർഷത്തെ ചരിത്രമേയുള്ളൂ. കേരളത്തിൽ കമ്പ്യൂട്ടർ വളരെ വിരളമായി നാല്പതുവർഷങ്ങൾക്ക് മുമ്പ് എത്തിയെങ്കിലും വ്യാപകമായത് കഴിഞ്ഞ രണ്ട് ദശാബ്ദത്തിനുള്ളിലാണ്.

ഇന്ന് വാർത്താവിനിമയ രംഗത്തെ ആധുനിക പ്രവണതകൾ മുതലെടുത്ത് ആഗോളതലത്തിൽ കമ്പ്യൂട്ടറുകളെ പരസ്പരം ആശയവിനിമയം നടത്താവുന്ന രീതിയിൽ ബന്ധിപ്പിച്ചിരിക്കുന്ന ഇന്റർനെറ്റ് എന്ന ശൃംഖലയിൽ കേരളത്തിലെ ലക്ഷക്കണക്കിനു കമ്പ്യൂട്ടറുകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. വാർത്താ വിനിമയ രംഗത്തെ മറ്റു സംവിധാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറഞ്ഞ ചെലവിൽ സെക്കന്റുകൾക്കുള്ളിൽ കത്തുകൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ശബ്ദം എന്നിവ കൈമാറാനും നേർക്കുനേർ ആശയവിനിമയം നടത്താനും ഇന്ന് സാധിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നില്ക്കുന്ന കേരളജനതയ്ക്ക്, പ്രത്യേകിച്ച് യുവജനതയ്ക്ക് ഈ മേഖലയും അതിലുൾക്കൊള്ളുന്ന സാങ്കേതിക വിദ്യയും അനായാസം ഉൾക്കൊള്ളാനും അതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്താനും കഴിയും. ഇന്ന് കേരളത്തിൽ ശാസ്ത്രസാങ്കേതിക രംഗത്തും വാണിജ്യരംഗത്തും, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ രംഗത്തും, വാർത്താവിനിമയ രംഗത്തും, കലാരംഗത്തും പ്രവർത്തിക്കുന്നവർക്ക് തനത് മേഖലയിൽ ലോകമെമ്പാടുമുള്ളവരുമായി നിരന്തര സമ്പർക്കം പുലർത്താനും ആശയ വിനിമയം വഴി അതതു മേഖലകൾ വികസിപ്പിക്കാനും കഴിയുന്നു.

കേരളത്തിലെ ശാസ്ത്ര സ്ഥാപനങ്ങളും സർവകലാശാലകളും സ്വകാര്യ സ്ഥാപനങ്ങളും സർക്കാരും ഐ.ടി എന്ന ചുരുക്കപ്പേരിലറിയറിയപ്പെടുന്ന ഈ നൂതന ശാസ്ത്ര സാങ്കേതിക വിദ്യ ജനങ്ങളിലെത്തിക്കുവാൻ നടത്തുന്ന ശ്രമം കേരള ചരിത്രത്തിൽ ഒരു പ്രധാന നാഴികക്കല്ലായി മാറിക്കഴിഞ്ഞു. ഇന്ന് കേരളത്തിൽ ശാസ്ത്ര സാങ്കേതിക രംഗത്തെന്നപോലെ വാണിജ്യമേഖലയിലും, സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ദൈനംദിന പ്രവർത്തനത്തിലും, വിദ്യാഭ്യാസരംഗത്തും കമ്പ്യുട്ടറുകളുടെ വിപുലമായ ഉപയോഗം കാണാം. കമ്പ്യൂട്ടറും കമ്പ്യൂട്ടറധിഷ്ഠിത സംവിധാനങ്ങളും ഉൾക്കൊള്ളുന്ന വിവരസാങ്കേതിക വിദ്യയുടെ സാർവത്രികമായ വ്യാപനം കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതചര്യയിൽ തന്നെ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്.

കമ്പ്യൂട്ടർ വളരെ വിപുലമായിത്തീരാൻ സഹായിച്ചത് കമ്പ്യൂട്ടറുകളുടെ വിലയിൽ വന്ന സാരമായ കുറവും മേന്മയിൽ വന്ന സാങ്കേതിക പുരോഗതിയുമാണ്. ഇതിനും പുറമെ കമ്യൂണിക്കേഷൻ രംഗത്ത് വന്ന വിപുലീകരണവും നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗവും ഇന്റർനെറ്റ് സേവനം നടത്തുവാൻ അധികാരപ്പെട്ട കമ്പനികളുടെ ആവിർഭാവവും ഈ മേഖലയെ കൂടുതൽ ജനകീയമാക്കി.

'വെബ്സൈറ്റ്' എന്ന ആധുനിക ലൈബ്രറി ശാസ്ത്ര സാങ്കേതിക രംഗത്തെ ദൈനംദിന പുരോഗതിയെ വിളംബരം ചെയ്യുന്നതോടൊപ്പം എല്ലാ മേഖലകളെയും സംബന്ധിച്ച അറിവിന്റെ കലവറയായി വർത്തിക്കുകയും ചെയ്യുന്നു. വരും നൂറ്റാണ്ടിന്റെ ശ്രദ്ധാകേന്ദ്രമായ മേഖല എന്ന നിലയിലും, എണ്ണമറ്റ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന മേഖല എന്ന നിലയിലും നമ്മുടെ സംസ്കാരത്തിന്റെയും സാമ്പത്തിക സ്ഥിതിയും ഭാവി നിശ്ചയിക്കുന്ന മേഖല എന്ന നിലയിലും കമ്പ്യൂട്ടറും ഇന്റർനെറ്റും എല്ലാ തലങ്ങളിലേക്കും എത്തിക്കുവാൻ വേണ്ടി ഒട്ടേറെ കർമപദ്ധതികൾ ഇനിയും ആവിഷ്കരിക്കേണ്ടതുണ്ട്.

ഇന്റർനെറ്റ് ഇന്നു മുൻപെങ്ങും ലഭ്യമല്ലാതിരുന്ന പല രീതിയിലുള്ള സേവനങ്ങൾ നല്കുന്നു.

'വെബ്സൈറ്റ്' എന്ന ആധുനിക ലൈബ്രറി ശാസ്ത്ര സാങ്കേതിക രംഗത്തെ ദൈനംദിന പുരോഗതിയെ വിളംബരം ചെയ്യുന്നതോടൊപ്പം എല്ലാ മേഖലകളെയും സംബന്ധിച്ച അറിവിന്റെ കലവറയായി വർത്തിക്കുകയും ചെയ്യുന്നു. വരും നൂറ്റാണ്ടിന്റെ ശ്രദ്ധാകേന്ദ്രമായ മേഖല എന്ന നിലയിലും, എണ്ണമറ്റ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന മേഖല എന്ന നിലയിലും നമ്മുടെ സംസ്കാരത്തിന്റെയും സാമ്പത്തിക സ്ഥിതിയുടെയും ഭാവി നിശ്ചയിക്കുന്ന മേഖല എന്ന നിലയിലും കമ്പ്യൂട്ടറും ഇന്റർനെറ്റും എല്ലാ തലങ്ങളിലേക്കും എത്തിക്കുവാൻ വേണ്ടി ഒട്ടേറെ കർമപദ്ധതികൾ ഇനിയും ആവിഷ്കരിക്കേണ്ടതുണ്ട്.

## ഹാർഡ്‌വെയർ, സോവ്റ്റ്‌വെയർ

കമ്പ്യൂട്ടറിന്റെ പ്രവർത്തനം ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നീ വാക്കുകൾ കൊണ്ട് വിവരിക്കാം. കമ്പ്യൂട്ടറിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ കൂട്ടായ്മയെ ഹാർഡ്‌വെയർ എന്നു പറയുന്നു. കമ്പ്യൂട്ടർ പ്രവർത്തനത്തിനുവേണ്ട നിർദേശങ്ങളുടെ കൂട്ടായ്മയെയാണ് സോഫ്റ്റ്‌വെയർ എന്നു പറയുന്നത്. തുടക്കകാലത്ത്, മുൻപ് റേഡിയോ സെറ്റുകളിലുപയോഗിച്ചിരുന്നതുപോലുള്ള ഇലക്ട്രോണിക് വാൽവുകൾ ഉപയോഗിച്ചുള്ള ഒന്നാം തലമുറയിൽ നിന്നും, ട്രാൻസിസ്റ്റർ ഉപയോഗിച്ചുള്ള രണ്ടാം തലമുറയിലേക്കും, ഇന്റഗ്രേറ്റ് സർക്യൂട്ട് ഉപയോഗിച്ചുള്ള മൂന്നാം തലമുറയിലേക്കും ബൃഹത്തായ ഇന്റഗ്രേറ്റഡ് സർക്യൂട്ട് അടങ്ങിയ ഇന്നത്തെ കമ്പ്യൂട്ടറിലേക്കുമുള്ള കമ്പ്യൂട്ടർ ചരിത്രം ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ പുരോഗതിയുടെ തന്നെ ചരിത്രമാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ കമ്പ്യൂട്ടറിന്റെ വലുപ്പത്തിലും ആകൃതിയിലും മേന്മയിലും പ്രവർത്തന മേഖലകളിലും സാരമായ വ്യതിയാനങ്ങൾ വന്നിരിക്കുന്നു. ഇന്ന് ലക്ഷക്കണക്കിന് ഇലക്ട്രോണിക് ഭാഗങ്ങൾ ഏതാനും മില്ലിമീറ്റർ വലുപ്പത്തിനുള്ളിൽ ഒതുക്കി നിർത്തുന്ന അതിബൃഹത്തായ ഇന്റഗ്രേറ്റഡ് സർക്യൂട്ട് ഉപയോഗിച്ചാണ് കമ്പ്യൂട്ടറിന്റെ കേന്ദ്രം (സി.പി.യു) നിർമിക്കപ്പെട്ടിരിക്കുന്നത്. ഈ കേന്ദ്രം സെക്കന്റിൽ കോടിക്കണക്കിനു പ്രാവശ്യം സ്പന്ദിക്കുന്ന ക്ലോക്കുകളുടെ സഹായത്തോടെയാണ് കമ്പ്യൂട്ടർ പ്രവർത്തനം നിയന്ത്രിക്കുന്നത്.



കമ്പ്യൂട്ടർ കേന്ദ്രത്തിലെ നിർദേശങ്ങളും ഡാറ്റയും സൂക്ഷിക്കാൻ പറ്റുന്ന സെമികണ്ടക്ടർ മെമ്മറിയും, നിർദേശങ്ങൾ ടൈപ്പ് ചെയ്യാൻ പറ്റുന്ന കീബോർഡും, ഇവ കാണാനുപയോഗിക്കുന്ന വീഡിയോ സ്ക്രീനും ചേർത്താൽ കമ്പ്യൂട്ടറായി. വളരെയേറെ ഡാറ്റാ സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന ഫ്ളോപ്പി ഡിസ്ക്, ഹാർഡ് ഡിസ്ക്, സിഡി റോം എന്നറിയപ്പെടുന്ന ഓപ്റ്റിക്കൽ ഡിസ്ക് എന്നിവ ഇന്ന് ഏതൊരു കമ്പ്യൂട്ടറിന്റെയും ഭാഗമാണ്. ഈ കമ്പ്യൂട്ടർ ഭാഗങ്ങളുടെ ആകെത്തുകയാണ് ഹാർഡ്‌വെയർ. ഹാർഡ്‌വെയർ നിർമാണ മേഖല ലോകത്താകമാനം നോക്കിയാൽ തന്നെ വിരലിലെണ്ണാവുന്ന ഏതാനും കമ്പനികളുടെ കുത്തകയാണ്.

കമ്പ്യൂട്ടർ കേന്ദ്രത്തിന്റെയും കമ്പ്യൂട്ടറധിഷ്ഠിത ഭാഗങ്ങളുടെയും നിർമാണത്തിന് അതിനൂതന സാങ്കേതിക വിദ്യയോടൊപ്പം അതിഭീമമായ മുതൽ മുടക്കും വേണ്ടി വരുന്നതുകൊണ്ട് പൊതുവെ നമ്മുടെ രാജ്യത്ത് ഈ ദിശയിലുള്ള സാങ്കേതിക വിദ്യയുടെ വികസനം മന്ദഗതിയിലാണ്. എന്നാൽ സോഫ്റ്റ്‌വെയർ രംഗത്ത് ലോകത്ത് ഏതൊരു രാജ്യത്തോടും മത്സരിക്കുവാൻ പറ്റുന്ന രീതിയിൽ പ്രവർത്തിക്കാൻ നമുക്ക് കഴിയുന്നു.

## കമ്പ്യൂട്ടർ പ്രോഗ്രാം

കമ്പ്യൂട്ടർ പ്രവർത്തനത്തിനു വേണ്ട നിർദേശങ്ങളുടെ കൂട്ടായ്മയെ കമ്പ്യൂട്ടർ പ്രോഗ്രാം എന്നു പറയുന്നു. ഒരു കമ്പ്യൂട്ടർ പ്രവർത്തിക്കുവാൻ ഇത്തരത്തിലുള്ള ആയിരക്കണക്കിന് പ്രോഗ്രാമുകളുടെ ശൃംഖല തന്നെ വേണം. ഇവയെ പൊതുവെ സോഫ്റ്റ്‌വെയർ എന്നു പറയുന്നു. ഇതിൽ കമ്പ്യൂട്ടറിനെയും അതിനോട് ബന്ധപ്പെട്ട ഉപകരണങ്ങളെയും പ്രവർത്തിപ്പിക്കാൻ വേണ്ട സോഫ്റ്റ്‌വെയറിനെ സിസ്റ്റം സോഫ്റ്റ്‌വെയർ എന്നുപറയുന്നു. കമ്പ്യൂട്ടർ ഉപയോഗിക്കുന്നയാൾ തയ്യാറാക്കുന്ന പ്രോഗ്രാമുകളെ യൂസർ സോഫ്റ്റ്‌വെയർ എന്നു പറയുന്നു. ഇതിനും പുറമെ ദൈനംദിന ഉപയോഗങ്ങൾക്കു വേണ്ടി ലേഖനങ്ങൾ തയ്യാറാക്കാനും, ചിത്രങ്ങൾ വരയ്ക്കാനും ഡേറ്റ അപഗ്രഥനം ചെയ്യാനും തയ്യാറാക്കപ്പെടുന്ന യൂട്ടിലിറ്റീസ് എന്നറിയപ്പെടുന്ന വളരെയധികം പ്രോഗ്രാമുകളും ഇന്ന് നിലവിലുണ്ട്.

സിസ്റ്റം സോഫ്റ്റ്‌വെയർ രംഗത്ത് പ്രധാനമായവ ചെറിയ കമ്പ്യൂട്ടറുകൾക്ക് വേണ്ടിവരുന്ന മൈക്രോ സോഫ്റ്റ് കമ്പനിയുടെ വക എംഎസ് ഡോസ് എന്ന സോഫ്റ്റ്‌വെയറും വലിയ കമ്പ്യൂട്ടർ രംഗത്ത് ഉപയോഗിച്ചു വരുന്ന യൂനിക്സ് എന്ന സോഫ്റ്റ്‌വെയറുമാണ്. ഈ രണ്ടു സിസ്റ്റം സോഫ്റ്റ്‌വെയറുകളും ഉപഭോക്താക്കൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കാൻ വേണ്ട എല്ലാ സഹായങ്ങളും നല്കുന്നുണ്ടെങ്കിലും അവയിൽ മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യം നല്കുന്നില്ല.

എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ വളരെ പ്രസിദ്ധമായിത്തീർന്ന ലിനക്സ് എന്ന സിസ്റ്റം സോഫ്റ്റ്‌വെയർ കമ്പ്യൂട്ടർസോഫ്റ്റ്‌വെയർ വികസന രംഗത്ത് വളരെയേറെ സാധ്യതകൾ നല്കുന്നു. ഇന്ന് ലോകമാകമാനം കമ്പ്യൂട്ടർ ഉപയോഗിക്കുന്നവരിൽ മൂന്നിലൊന്നിൽ കൂടുതൽ പേർ ലിനക്സ് ഉപയോഗിക്കുന്നവരാണ്. ലിനക്സിനുള്ള പ്രത്യേകത ഇത് ആയിരക്കണക്കിന് യൂണിവേഴ്സിറ്റികളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും, അതുകൂടാതെ വ്യക്തികളുടെയും കൂട്ടായ ശ്രമഫലമായി ദിനംപ്രതി മാറ്റിക്കൊണ്ടിരിക്കുന്ന സിസ്റ്റം സോഫ്റ്റ്‌വെയറാണ് എന്നതാണ്.

കമ്പ്യൂട്ടറിനെയും അതിനോട് ബന്ധപ്പെട്ട ഉപകരണങ്ങളെയും പ്രവർത്തിപ്പിക്കാൻ വേണ്ട സോഫ്റ്റ്‌വെയറിനെ സിസ്റ്റം സോഫ്റ്റ്‌വെയർ എന്നു പറയുന്നു. കമ്പ്യൂട്ടർ ഉപയോഗിക്കുന്നയാൾ തയ്യാറാക്കുന്ന പ്രോഗ്രാമുകളെ യൂസർ സോഫ്റ്റ്‌വെയർ എന്നു പറയുന്നു. ഇതിനും പുറമെ ദൈനംദിന ഉപയോഗങ്ങൾക്കു വേണ്ടി ലേഖനങ്ങൾ തയ്യാറാക്കാനും, ചിത്രങ്ങൾ വരയ്ക്കാനും ഡേറ്റ അപഗ്രഥനം ചെയ്യാനും തയ്യാറാക്കപ്പെടുന്ന യൂട്ടിലിറ്റീസ് എന്നറിയപ്പെടുന്ന വളരെയധികം പ്രോഗ്രാമുകളും ഇന്ന് നിലവിലുണ്ട്.

കേരളത്തിലും ഇന്ന് വളരെ പ്രചാരത്തിലായിക്കഴിഞ്ഞിരിക്കുന്ന സോഫ്റ്റ്‌വെയറാണ് ലിനക്സ്, കമ്പ്യൂട്ടർ മാസികകളിലും അല്ലാതെയും സൗജന്യമായി ലഭിക്കുന്ന ലിനക്സ് കമ്പ്യൂട്ടർ തത്പരർക്ക് വളരെയനുഗ്രഹമാണ്. ഇതിനോടനുബന്ധിച്ച് കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട എല്ലാ ജോലികൾക്കും- ലേഖനങ്ങൾ തയ്യാറാക്കാനും, ചിത്രങ്ങൾ കാണാനും, വരയ്ക്കാനും, പാട്ടു കേൾക്കാനും പ്രധാനപ്പെട്ട എല്ലാ കമ്പ്യൂട്ടർ ഭാഷകളും കൈകാര്യം ചെയ്യാനും കമ്പൂട്ടർ ശൃംഖല നിർമിക്കാനും- ഇത് ഒരു ഉത്തമ സഹായിയാണ്.

(തുടരും)

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



ഫ്ളാഷ് ബാക്ക്

തേക്കിൻകാട് ജോസഫ്

# പ്രിയപ്പെട്ട ആമിയേടത്തി

സ്നേഹിക്കപ്പെടാൻ വല്ലാതെ കൊതിക്കുകയും സ്നേഹം നിർലോഭമായി നല്കാൻ വെമ്പുകയും ചെയ്ത മലയാളത്തിന്റെ പ്രിയ കഥാകാരി മാധവിക്കുട്ടി എന്ന കമലാ സുരയ്യയെ,'പക്ഷിയുടെ മണം' എന്ന കഥയിലൂടെയാണ് ആദ്യം പരിചയപ്പെടുന്നത്. പിന്നീട് ആത്മനിഷ്ഠമായ തർപ്പണം പോലെ വാർന്നുവീണ 'എന്റെ കഥ'യും ആനുകാലികങ്ങളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയ അനേകം കഥകളും വായിച്ചപ്പോൾ ശരിക്കും മാധവിക്കുട്ടിയുടെ ആരാധകനായി മാറി ഞാൻ. എംടിയെയും പത്മരാജനെയും മുകുന്ദനെയും കാക്കനാടനെയും വിജയനെയും പോലെ മാധവിക്കുട്ടിയും എന്റെ വായനാലോകത്തെ കീഴടക്കി.

മാധവിക്കുട്ടിയുടെ വല്ല്യമ്മാവനായ നാലപ്പാട്ടു നാരായണമേനോൻ രചിച്ച 'രതിസാമ്രാജ്യം' എന്റെ കൗമാരവായനയുടെ ലോകത്തുണ്ടായിരുന്നു. മലയാളിയുടെ പ്രിയങ്കരിയായ അമ്മ, കവയിത്രി ബാലാമണിയമ്മയുടെ കൃതികളും അച്ഛൻ വി.എം.നായർ മാനേജിംഗ് എഡിറ്ററായി പ്രസിദ്ധീകരിച്ചുവന്ന 'മാതൃഭൂമി'യുടെ പാരായണവും മാധവിക്കുട്ടിബന്ധത്തിന് വഴിതുറന്നിരുന്നു.

തണുപ്പും തരിശുനിലവും രുക്മിണിക്കൊരു പാവക്കുട്ടിയും എഴുതി ബോംബെയിൽ താമസിക്കുമ്പോൾ അവരുടെ ഗൃഹസദസ്സുകൾ പ്രശസ്തരായ സാഹിത്യനായകർ സജീവമാക്കിയിരുന്നുവെന്ന് റിപ്പോർട്ടുകൾ കണ്ടിട്ടുണ്ട്. ഭർത്താവ് മാധവദാസും കമലയ്ക്ക് കലവറയില്ലാത്ത പ്രോത്സാഹനം നല്കി. മാധവിക്കുട്ടിയായി മലയാളത്തിലും കമലാദാസായി ഇംഗ്ലീഷിലും എഴുതി സാഹിത്യനഭോമണ്ഡലത്തിലെ മഹാറാണിയായി വാഴുകയായിരുന്നു കമല.

മാധവിക്കുട്ടി എന്നാണ് എനിക്ക് പ്രിയപ്പെട്ട ആമിയേടത്തിയായി മാറിയത്? തിരുവനന്തപുരത്ത് കുറവൻകോണത്തു താമസിക്കുമ്പോൾ ദീപിക വാർഷികപതിപ്പിന് ഒരു കഥയ്ക്കായി ഞാനെഴുതി. ടെലിഫോണിൽ ആ സൗമ്യമധുരമായ ശബ്ദം ആദ്യമായി കേൾക്കുകയും ചെയ്തു. അന്ന് കമലയുടെ അപൂർവമായ ചില ഫോട്ടോകൾ വാർഷികപതിപ്പിൽ ചേർത്തത് ഓർമിക്കുന്നു.

1993ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എ.കെ.ആന്റണി പ്രത്യേക താത്പര്യമെടുത്ത് കേരള സാഹിത്യ അക്കാദമി പുന:സംഘടിപ്പിച്ചു. എം.ടി.വാസുദേവൻനായർ പ്രസിഡണ്ടും മാധവിക്കുട്ടി വൈസ് പ്രസിഡണ്ടും. കെ.എൽ.മോഹനവർമ സെക്രട്ടറി. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഈ ലേഖകനും ഉൾപ്പെട്ടിരുന്നു. അന്ന് മാധവിക്കുട്ടി കൊച്ചിയിൽ ദ്വാരകഹോട്ടലിനു പിന്നിലുള്ള ഫ്ളാറ്റിലാണു താമസം. ടൈംസ് ഓഫ് ഇന്ത്യയുടെ കാറിലാണ് മാധവിക്കുട്ടി അക്കാദമിയിൽ എത്തിയത്. ആദ്യമായി മാധവിക്കുട്ടിയെ കാണുകയാണ്.

തേജസുള്ള മുഖശ്രീയും വശ്യതയാർന്ന, ദീപ്തമായ കണ്ണുകളും സൗമ്യപ്രകൃതിയും മധുരഭാഷണവും ഞങ്ങളെ അവരുടെ ആരാധകരാക്കി മാറ്റി. ആകർഷകമായ ഒരു സവിശേഷ വ്യക്തിത്വത്തിന്റെ മായിക പരിവേഷം അവരെ ചൂഴ്ന്നു നിന്നിരുന്നു.

വളരെ പെട്ടെന്ന് മാധവിക്കുട്ടിയിൽനിന്ന് ആമിയേടത്തിയിലേക്കുള്ള ദൂരം കുറഞ്ഞു. അക്കാദമിയിൽ ഞങ്ങളോടൊപ്പമുണ്ടായിരുന്ന കവയിത്രി വിജയലക്ഷ്മിയും പ്രിയതമൻ ബാലചന്ദ്രൻ ചുള്ളിക്കാടും മാധവിക്കുട്ടിയുടെ അമ്പാടി അപ്പാർട്ടുമെണ്ടിലെ നിത്യസന്ദർശകരായി മാറി. വിജയലക്ഷ്മി ആമിയേടത്തിക്ക് അനിയത്തിയായി. ഒപ്പം ഇന്ത്യൻ എക്സ്പ്രസിലെ ലീലാ മേനോനും ആമിയേടത്തിക്ക് കൂട്ടായി.



1995ൽ ദീപികയുടെ ഇംഗ്ലീഷിലുള്ള ബാലപ്രസിദ്ധീകരണമായ 'ചിൽഡ്രൻസ് ഡൈജസ്റ്റ്' രൂപകല്പന ചെയ്യുമ്പോൾ ആമിയേടത്തിയുടെ സഹായം തേടിയിരുന്നു. ആമിയേടത്തിയുടെ ക്രിയാത്മകമായ പല നിർദേശങ്ങളും സ്വീകരിച്ചു. ആദ്യത്തെ കുറെ ലക്കങ്ങൾക്ക് കുട്ടികൾക്കുവേണ്ടി അവർ ഇംഗ്ലീഷിൽ എഴുതിയിരുന്ന ചില കഥകൾ തരികയും ചെയ്തു. റീഡേഴ്സ് ഡൈജസ്റ്റിന്റെ പാറ്റേണിൽ പ്രസിദ്ധീകൃതമായ ചിൽഡ്രൻസ് ഡൈജസ്റ്റ് പതിനാലു കൊല്ലം കഴിഞ്ഞിട്ടും അതേ പാറ്റേണിൽ വിജയകരമായി പ്രസിദ്ധീകരിച്ചുവരുന്നു എന്നത് എനിക്ക് ആത്മസംതൃപ്തി നല്കുന്നു.

പിന്നീട് കടവന്ത്രയിലെ റോയൽ സ്റ്റേഡിയം മാൻഷൻ ഫ്ളാറ്റിൽ താമസിക്കുമ്പോഴും അവരുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാൻ ഒട്ടേറെ അവസരങ്ങൾ ലഭിച്ചു. അവശത വകവയ്ക്കാതെ എന്റെ ക്ഷണം സ്വീകരിച്ച് കോട്ടയം ഇന്റർനാഷണൽ ബുക്ക് ഫെയർ ഉദ്ഘാടനം ചെയ്യാൻ വന്നത് ഞാനോർക്കുന്നു. എന്റെ മകൾ പ്രിയാ ജോസഫിനൊപ്പം ഫോട്ടോയ്ക്കു പോസുചെയ്തപ്പോൾ തൊട്ടടുത്തു നിന്ന ഒ.വി.ഉഷയെയും ചേർത്തു നിർത്തി.

ആമിയേടത്തിയുടെ നർമഭാഷണം എത്ര കേട്ടിരുന്നാലും മതിവരില്ല. അതിൽ എറണാകുളത്തു തന്നെ താമസിക്കുന്ന സഹോദരി ഡോ. സുലോചന നാലപ്പാട്ടും അമ്മ ബാലാമണിയമ്മയുമൊക്കെ കഥാപാത്രങ്ങളായി വരും. ഓർമക്കുറവിൽ ഏറെ നാൾ ജീവിച്ച അമ്മയെ കാണാൻ പോകുന്ന കഥ പറയുമ്പോൾ നാമറിയാതെ പൊട്ടിച്ചിരിച്ചു പോകും. തന്റെ എഴുത്തുമുറിയിലെ ഏകാന്തതയിലിരുന്നാലും പുറം ലോകത്തെ സ്പന്ദനങ്ങൾ ആമിയേടത്തി അറിയും.

നാല്പതുകൊല്ലം സ്നേഹമസൃണയായ ഒരമ്മയെപ്പോലെ ഒപ്പം താമസിച്ചിരുന്ന ചിരുതേയ് എന്ന വേലക്കാരിയെക്കുറിച്ചും ഫലിതം പറഞ്ഞെന്നിരിക്കും. അവരെ 'പാറുവമ്മ പറഞ്ഞ കഥകൾ' എന്ന പരമ്പരയിലൂടെ അനശ്വരയാക്കി , ആമിയേടത്തി. ഒരു ചെറിയ പോസ്റ്റുകാർഡോ ടെലിഫോൺ സംഭാഷണ ശകലമോ പോലും ആമിയേടത്തിയുടെ തരളമായ മനസ്സിനെ മുറിപ്പെടുത്തിയിരുന്നു.

ഇസ്ലാംമതത്തെ ആശ്ലേഷിച്ചപ്പോഴും കൃഷ്ണസങ്കല്പത്തിലെ രാധയായി കഴിയാൻ അവർക്കു മടിയുണ്ടായിരുന്നില്ല. വിവാദങ്ങളിൽ പെട്ട് വേദനിക്കുന്ന മനസ്സിന് സ്നേഹത്തിന്റെ പനിനീർ തളിച്ചിരുന്നത് തിരുവനന്തപുരത്തും കൊച്ചിയിലും എത്തിച്ചേർന്നിരുന്ന പരശ്ശതം വരുന്ന ആരാധകരും എഴുത്തുകാരും അവരുടെ പെൺമക്കളായി മാറിയ കോളജ് കുമാരിമാരും ആയിരുന്നു.

ആമിയേടത്തിയുടെ സ്നിഗ്ധതയാർന്ന മുഖം ഞാനിപ്പോഴും കൺമുന്നിൽ ഒരു മായാത്ത ചിത്രമായി കാണുന്നു. തിരുവനന്തപുരത്ത് സെനറ്റ് ഹാളിൽ മൊബൈൽ മോർച്ചറിയിൽ. ഒരിക്കലും ഉണരാത്ത നിദ്രയിലമർന്നുകിടക്കുന്ന ആമിയേടത്തിയുടെ മുഖം ഞാൻ കണ്ടില്ല. കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ റീത്ത് സമർപ്പിച്ച് പ്രണാമം അർപ്പിക്കുമ്പോൾ ഞാനാ മുഖത്തേക്കു നോക്കിയില്ല. എന്റെ ആമിയേടത്തിയുടെ മുഖം എന്റെ ഹൃദയത്തിൽ തന്നെ ചില്ലിട്ടു സൂക്ഷിച്ചിട്ടുണ്ടല്ലോ, അതുമതി.

❖

## ഗുണ്ടയ്ക്കൊപ്പം ഗുണ്ടമാത്രം...

>> 5

"ഞാൻ രാജുവിനോടു വിളിച്ചു പറയാം. നാലഞ്ചുദിവസം ഞാനിവിടെ കാണില്ല."

ഞാനവനിൽ നിന്ന് രക്ഷപ്പെടുകയായിരുന്നു. പിന്നെ രാജുവിനെ ഞാൻ വിളിച്ചിട്ടില്ല. അതിനാൽ തന്നെ, അവനെന്നെ പിന്നെ കണ്ടിട്ടുമില്ല. പക്ഷേ, ഒരു കാര്യം. ഈ രാജു വർഷങ്ങൾക്കുശേഷം ഒരു കെട്ടിടത്തിൽ മരിച്ചുകിടക്കുകയായിരുന്നു. ആ ദുരൂഹത ഇന്നും തുടരുകയും ചെയ്യുന്നു!

ഇരുപതുവർഷം മുമ്പ് നടന്ന, ഈ ഗുണ്ടാ പ്ലാൻ, ഇന്നു സർവസാധാരണമായി മാറിയിരിക്കുന്നു. ഇടതുകൈ വെട്ടാൻ, വലതുകൈ വെട്ടാൻ, കാലു വെട്ടാൻ, തലവെട്ടാൻ ഒക്കെ പ്രത്യേകം പ്രത്യേകം നിരക്കുകളാണ് നല്കേണ്ടത്. ആർക്കും ഇതിൽ നിന്നു മോചനമില്ല.

ജില്ലാ ജഡ്ജിയുടെ കാറും വീടും എറിഞ്ഞുതകർത്തവനെ അദ്ദേഹം തന്നെ ചൂണ്ടിക്കാണിച്ചിട്ടും നടപടിയില്ല, അറസ്റ്റില്ല. തീക്കട്ടയിൽ വരെ ഉറുമ്പരിക്കുമെന്നായിരിക്കുന്നു! ഗുണ്ടയെ തട്ടാൻ ഗുണ്ട തന്നെ വേണമെന്നായിരിക്കുന്നു. ഗുണ്ടയ്ക്കൊപ്പം ഗുണ്ട മാത്രം! ഗുണ്ടയെ കൊല്ലാനും ഗുണ്ട തന്നെ വേണ്ടിയിരിക്കുന്നു.

തലസ്ഥാന നഗരിയിൽ കുപ്രസിദ്ധ ഗുണ്ടയായ ആൽത്തറ വിനീഷ് വെട്ടേറ്റ് മരിച്ചത് പട്ടാപ്പകൽ. അതും, പോലീസ് ഡയറക്ടർ ജനറലിന്റെ മൂക്കിനു താഴെ.

രണ്ടു കൊലക്കേസുകളിൽ ഒന്നാം പ്രതിയും മറ്റ് 25 കേസുകളിൽ പ്രതിയുമായ വിനീഷ് തലസ്ഥാനനഗരിയെ വിറപ്പിച്ചിട്ടുള്ള ഗുണ്ടയാണ്. തമ്പാൻ ശ്രീകുമാറെന്ന മറ്റൊരു ഗുണ്ടയെ വെട്ടിക്കൊന്ന വിനീഷിനോടുള്ള പ്രതികാരം തീർക്കലായിരുന്നു ഈ വെട്ടിക്കൊല! തമ്പാൻ ശ്രീകുമാറും അയാളുടെ ചേട്ടൻ കേപ്പൻ അനിയുമൊക്കെ ഗുണ്ടകളാണ്. കുപ്രസിദ്ധമായ തന്ത്രിക്കേസിലെ ശോഭാ ജോണിന്റെ സഹായിയായിരുന്ന കേപ്പൻ അനിയാണ് വിനീഷിന്റെ കൊലയ്ക്കു പിന്നിലെന്നാണ് സൂചന.

തൊട്ടു പിറ്റേദിവസം, മറ്റൊരു ഗുണ്ടയായ മേരികുളം സ്വദേശി മാർട്ടിനെ ഏതാനും പേർ ചേർന്നു വീടിനു മുമ്പിൽ വച്ചു വെട്ടിക്കൊന്നു. പെൺമക്കളുടെ മുമ്പിൽ വച്ചായിരുന്നു ഈ അരുംകൊല. മാർട്ടിനും പല കൊലപാതകക്കേസുകളിലും പ്രതിയായിരുന്നു. ചിലതിൽ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ, ഗുണ്ടകൾ തമ്മിൽത്തമ്മിൽ വെട്ടിച്ചാകുകയാണിപ്പോൾ. അവരെ അമർച്ച ചെയ്യേണ്ട പോലീസാകട്ടെ നോക്കുകുത്തികളും! പൊതുജനങ്ങൾക്കു ഗുണ്ടയെ പേടിക്കണം. പക്ഷേ, പോലീസിനും അവരെ പേടിക്കണമെന്നു വരുന്നതു അത്യന്തം ലജ്ജാകരവും!

❖

CYAN MAGENTA YELLOW BLACK

ചുവരെഴുത്തുകൾ

ശ്വേതകേതു

# കിനാവു കണ്ടുണർന്നവരുടെ പരാതിയും പരിഭവവും (?)

വെളിപാടുകളുടെ രാഷ്ട്രീയ നഗരത്തിൽ നിന്നും ഇപ്പോൾ പുറത്തുവരുന്നതൊക്കെയും പാർട്ടി ആസ്ഥാനങ്ങളിൽ ഉത്പാദിപ്പിച്ച പ്രസ്താവനകളുടെ ആലങ്കാരികസംജ്ഞകളാണ്. അതാവട്ടെ മായം ചേർത്ത ഫലിതത്തിന്റെ ലവണാംശമുള്ള ഉപഖ്യാനങ്ങളും. ചിരിപ്പിക്കാനെന്നല്ല ചിന്തിപ്പിക്കാൻ പോലും തരപ്പെടാത്ത തീട്ടൂരങ്ങൾ കൊണ്ട് വൻ പരാജയത്തിന്റെയും, വോട്ടുചോർച്ചയുടെയും പഴുതടയ്ക്കാമെന്നു കരുതുന്നവർ ആചാര്യ രജനീഷിന്റെ ഭാഷയിൽ മൂക്കുകൊണ്ടു ശ്വസിക്കാനാവാതെ ചാരത്തിൽ മുഖം പൂഴ്ത്തുന്നവരാണ്.

വോട്ടെടുപ്പിനുശേഷം പറഞ്ഞ വീരവാദങ്ങളുടെ വിരാമചിഹ്നം മാറ്റിസ്ഥാപിക്കാൻ കൗതുകം കാണിക്കുന്നവർ പുതിയ സൗന്ദര്യശാസ്ത്രം ചമയ്ക്കുന്നു; ഘടനാസിദ്ധാന്തത്തിലൂടെ! പാർട്ടി സെക്രട്ടറി പ്രസ്താവനയെ കാവ്യാത്മകമാക്കുമ്പോൾ മന്ത്രിമാർ താളാത്മകവും കൺവീനർ സംഗീതാത്മകവുമാക്കുകയാണ്. ആലാപനത്തിന്റെ റിയാലിറ്റി ഷോ 'ഡെയ്ഞ്ചർ സോണി'ലെത്തിയ കാര്യം വക്താക്കളും അറിഞ്ഞമട്ടില്ല. വിശ്വാസത്തകർച്ചയുടെ നഷ്ടം പേറുന്നവർ ജനമുന്നണിയുടെ യോഗ്യതാപത്രത്തിലും നിസ്വരായിക്കഴിഞ്ഞു. 'ഇവിടെ സ്നേഹിപ്പാ,നിവിടെയാശിപ്പാ, നിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം' എന്നറിയാതെ പോയതിനുള്ള ശിക്ഷകൂടിയായിരുന്നില്ലേ ജനവിധി?

തെരഞ്ഞെടുപ്പു ഫലപ്രഖ്യാപന ശേഷം വളരെ വൈകിയാണ് സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ മാധ്യമപ്രവർത്തകരെ കണ്ടത്. പാർട്ടിയിൽ ലെനിനിസ്റ്റ് സംഘടനാതത്വങ്ങൾ ലംഘിക്കപ്പെട്ടുവെന്നു പറഞ്ഞുകൊണ്ടായിരുന്നു ആദ്യവെടി. അതു പൊട്ടാതെ വന്നപ്പോൾ മറ്റൊന്നു കൂടി: പാർട്ടിയിലെയും മുന്നണിയിലെയും അനൈക്യം ജനങ്ങളിൽ അവമതിപ്പുണ്ടാക്കി. പിഡിപി ബന്ധം തെറ്റിദ്ധാരണ പരത്തി. ക്രിസ്ത്യൻ സമുദായത്തിന്റെ വിരോധം സമ്പാദിച്ചതും, നായർ സമുദായത്തിന്റെ അകല്ച്ചയും ചെറുതായിരുന്നില്ലെന്ന മറ്റൊരു കണ്ടെത്തലും!

സിപിഐയുമായുണ്ടായ പിണക്കം, സീറ്റു തട്ടിയെടുക്കൽ, ജനതാദളിലെ ഒരു വിഭാഗം ഇടതുമുന്നണിവിട്ട് യുഡിഎഫിനോട് തോളുരുമ്മിയതും ഇടതുപക്ഷ പരാജയത്തിനു കാരണമായി. നിത്യേന പത്രം വായിക്കുന്നവർക്കും ജനങ്ങളുമായി മുട്ടിയുരുമ്മിനടക്കുന്ന സാധാരണക്കാർക്കും സാമാന്യതരത്തിലുണ്ടായിരുന്ന മുന്നറിയിപ്പ് ചമല്ക്കാര ഭംഗിയോടെ പിണറായി പറഞ്ഞെന്നു മാത്രം.

അഞ്ചുദിവസം നീണ്ട ചർച്ചയ്ക്കൊടുവിൽ പുറത്തുവിട്ട ഇക്കാര്യങ്ങൾ മൂന്നു മിനിറ്റുകൊണ്ടു രേഖപ്പെടുത്തുവാനുള്ളതേ ഉണ്ടായിരുന്നുള്ളുവെന്ന് കണ്ടെത്തിയതും മറ്റാരുമല്ല; സിപിഎം പുറത്താക്കിയ എ.പി. അബ്ദുള്ളക്കുട്ടിയാണ്. പിണറായിയെ സംരക്ഷിക്കാൻ ചേർന്ന കൂട്ടായ്മയ്ക്കു പുതുതായൊന്നും കണ്ടെത്താനായില്ലെന്നാണ് മുൻ സഹയാത്രികന്റെ നിരീക്ഷണം.

മുന്നണി മര്യാദകൾ പാലിക്കാത്തതും ഒറ്റ മനസ്സോടെ തെരഞ്ഞെടുപ്പിനെ നേരിടാത്തതുമാണ് എൽഡിഎഫിനേറ്റ തിരിച്ചടിക്കു കാരണമെന്നു പറഞ്ഞത് മുൻ ലോക്സഭാംഗവും സിപിഐ ദേശീയസമിതിയംഗവുമായ പന്ന്യൻ രവീന്ദ്രനാണ്. അനാവശ്യവിവാദങ്ങളാണ് ഇടതുമുന്നണിയെ ചരിത്രത്തിലെ തന്നെ




**ഇടതുപക്ഷനയങ്ങളെ പൊന്തൻപുഴവനത്തിന്റെ നടുമധ്യത്തിലേക്കു തൂങ്ങിച്ചാകാൻ വിട്ടിട്ട് പുതിയ അക്ഷയപാത്രം തേടിനടന്നവർ ഇപ്പോൾ ആരെയൊക്കെയോ ദയാവധത്തിനു വിട്ടുകൊടുക്കുന്നു. ഏകെജി സെന്ററിലെ ശീതീകരിച്ച മുറിയിൽ പൂച്ചയ്ക്കു മണികെട്ടാൻ ധൈര്യം കാണിക്കാത്ത വി.പി. രാമകൃഷ്ണപിള്ളയും ടി.ജെ. ചന്ദ്രചൂഢനും പന്ന്യനും ഇസ്മയിലും വെളിയം ഭാർഗവനും കടന്നപ്പള്ളിയും ഈറനണിഞ്ഞ മിഥുനനിലാവിൽ ഓരിയിടുന്നത് ആരു കേൾക്കാൻ?**

ഏറ്റവും വലിയ പരാജയത്തിലേക്ക് എത്തിച്ചതെന്നാണ് ധനകാര്യമന്ത്രി ഡോ. തോമസ് ഐസക്കിന്റെ കണ്ടെത്തൽ. വൈകിയുദിച്ച വിവേകത്തിന് അതേ വേദിയിൽ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണന്റേതായി ഒരനുബന്ധവും: നല്ലപോലെ പഠിച്ചു പരീക്ഷയെഴുതിയ കുട്ടിയുടെ ഉത്തരക്കടലാസ് കോപ്പിയടിച്ചെഴുതിയ കുട്ടിക്ക് ഉയർന്ന മാർക്കു ലഭിച്ചപോലെയാണത്രെ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പു വിജയം! "നിർണയം നിന്നെപ്പോൽ പാരിലധോഗതി വിണ്ണവർ ഗംഗയ്ക്കുമുണ്ടായില്ല" എന്നു കവി പാടിയത് വിനീതവിധേയരായ മേൽച്ചൊന്നവരുടെ പ്രലംഭനമുണ്ടാവുമെന്നറിഞ്ഞായിരിക്കണം.

നിർണീതമായ കാരണം കണ്ടെത്തി ഫലപ്രദമായ ചികിത്സ നിശ്ചയിക്കേണ്ടവർ ചില പൊടിക്കൈകൾ കൊണ്ട് പദപ്രശ്നം നിർമിക്കുന്നത് ആരുടെ രക്ഷ മുന്നിൽ കണ്ടാണ്? ഇടതുപക്ഷനയങ്ങളെ പൊന്തൻ പുഴവനത്തിന്റെ നടുമധ്യത്തിലേക്കു തൂങ്ങിച്ചാകാൻ വിട്ടിട്ട് പുതിയ അക്ഷയപാത്രം തേടിനടന്നവർ ഇപ്പോൾ ആരെയൊക്കെയോ ദയാവധത്തിനു വിട്ടുകൊടുക്കുന്നു. ഏകെജി സെന്ററിലെ ശീതീകരിച്ച മുറിയിൽ പൂച്ചയ്ക്കു മണികെട്ടാൻ ധൈര്യം കാണിക്കാത്ത വി.പി. രാമകൃഷ്ണപിള്ളയും ടി.ജെ. ചന്ദ്രചൂഢനും പന്ന്യനും ഇസ്മയിലും വെളിയം ഭാർഗവനും കടന്നപ്പള്ളിയും ഈറനണിഞ്ഞ മിഥുനനിലാവിൽ ഓരിയിടുന്നത് ആരു കേൾക്കാൻ?

അബദ്ധനയങ്ങൾ സൈദ്ധാന്തിക മൗലികവാദത്തിന്റെ പേരിൽ സ്വീകരിക്കുന്നത് മാർക്സിസത്തിന്റെ മൗലികസമീപനത്തിന് കടകവിരുദ്ധമാണെന്നത് മനസ്സിലാക്കാത്തതാണ് ദുഃഖകരം എന്ന എം.എ. ബേബിയുടെ കരടുരേഖയെങ്കിലും ചൂണ്ടിക്കാണിക്കാമായിരുന്നില്ലേ? (കമ്യൂണിസത്തിന്റെ ഭാവി കേരളത്തിൽ). ബോധധാരയിൽ മുമ്പെങ്ങോ കടന്നുവന്ന ചിന്താവിഷയം ശാസ്ത്രസാഹിത്യപരിഷത്തിന്റെ തടവുകാരനായതോടെ ബേബി ഉപേക്ഷിച്ചിരിക്കുമെന്ന് ഘടകകക്ഷി നേതാക്കളും മനസ്സിലാക്കിയിരിക്കണം!

ലാവ്‌ലിൻ കേസ് രാഷ്ട്രീയ പ്രേരിതമാണെന്ന് കരുതുന്നില്ലെന്ന് പറഞ്ഞത് സിപിഐ സംസ്ഥാന സെക്രട്ടറി വെളിയം ഭാർഗവനാണ്. സീറ്റുവിഭജനചർച്ചയ്ക്കിടയിലും കിട്ടിയ സീറ്റുമായി ജനതാദളിനെ തട്ടിമറിച്ചിട്ട് ഓടിപ്പാഞ്ഞുപോയവർക്ക് സംസ്ഥാന കൗൺസിൽ കഴിഞ്ഞപ്പോഴുണ്ടായതാണ് പുതിയ വെളിപാട്!

>> 17

## അറിയേണ്ടും വാർത്തകൾ

### സിംബാവ്‌വെ ജയിലുകളിൽ പട്ടിണിമരണം

### റെഡ്ക്രോസ് രംഗത്ത്



പട്ടിണിമരണവും അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം സിംബാവ്‌വെയിലെ ജയിലുകളെല്ലാം മനുഷ്യാവകാശലംഘനങ്ങളുടെ കേന്ദ്രങ്ങളായി അധഃപതിച്ചുവെന്ന് റെഡ്ക്രോസിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നു. സാമ്പത്തിക പ്രതിസന്ധിയും ഇച്ഛാശക്തിയുള്ള രാഷ്ട്രീയനേതൃത്വത്തിന്റെ അഭാവവും ഈ രാജ്യത്തെ ആഫ്രിക്കയിലെ തന്നെ ഏറ്റവും വലിയ പട്ടിണിതുരുത്താക്കി മാറ്റിയിരിക്കുന്നു.

ഒരു മാസം മുമ്പ് ദക്ഷിണാഫ്രിക്കയിലെ ഒരു സ്വകാര്യ ടി.വി.ചാനൽ സംപ്രേക്ഷണം ചെയ്ത എക്സ്ക്ലൂസിവ് ഡോക്യുമെന്ററി സിംബാവ്‌വെ ജയിലുകളിലെ യഥാർത്ഥ അവസ്ഥ വെളിച്ചത്ത് കൊണ്ടുവന്നു. പൂർണമായും ആരോഗ്യം ക്ഷയിച്ച് അസ്ഥിപഞ്ജരങ്ങളായി രോഗാതുരരായ തടവുകാരെ മാത്രമാണ് അതിൽ കാണുവാൻ കഴിഞ്ഞത്. പരിസരങ്ങളാവട്ടെ അത്യന്തം വൃത്തിഹീനവും.

കോളറ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ സിംബാവ്‌വെയിലെ ജയിലുകളിൽ പടർന്നു പിടിക്കുന്നതായി ബിബിസി ഉൾപ്പെടെയുള്ള മാധ്യമങ്ങൾ നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ അതിനെക്കാളൊക്കെ ഗുരുതരമാണ് അവിടങ്ങളിലെ സ്ഥിതിവിശേഷമെന്ന് റെഡ്ക്രോസ് സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ, എല്ലാ ജയിലുകളിലും യഥാർത്ഥ ശേഷിയുടെ പതിന്മടങ്ങ് തടവുകാരെയാണ് പാർപ്പിച്ചിരിക്കുന്നത്.

ജയിലുകളുടെ ചുമതലയുള്ള സിംബാവ്‌വെ മന്ത്രി പാട്രിക് ചിനമാസെയുടെ വാക്കുകൾ രാജ്യത്തെ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ആഴം വ്യക്തമാക്കുന്നു. " ഈ വർഷം ജയിലുകൾക്കായി ബഡ്ജറ്റിൽ പറഞ്ഞത് 17.7 മില്യൺ ഡോളറാണെന്നും എന്നാൽ ഇതിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമേ ലഭ്യമായിട്ടുള്ളു എന്നുമാണ്. 3,27,000 ഡോളർ! ഇതുതന്നെ കാര്യക്ഷമമായി ചെലവഴിക്കുവാൻ കഴിയുന്നില്ലത്രെ.

റെഡ്ക്രോസ് പ്രവർത്തനം ആരംഭിച്ചതോടെ തടവുകാർ പട്ടിണിമരണത്തിൽ നിന്ന് രക്ഷനേടുമെന്ന് പ്രത്യാശിക്കാം.



*യുഡിഎഫിന്റെ ആഭിമുഖ്യത്തിൽ പിറവം കൈരളി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച അനുമോദനയോഗത്തിൽ ജോസ് കെ.മാണി എം.പി. പ്രസംഗിക്കുന്നു. കേരളാ കോൺഗ്രസ് (എം) നിയോജകമണ്ഡലം പ്രസിഡണ്ട് ബിജു മ്യാലിൽ, അഡ്വ.വി.വി.ജോഷി, സാബു കുരിത്തടം, രാജു പണലിക്കൽ, ടി.എം.ജേക്കബ്, ലിസി ജോസ്, കെ.ജെ.ജോസഫ്, ഏലിയാസ് മങ്കിടി എന്നിവർ സമീപം.*

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



# ബാലലോകം

## സിപ്പിയങ്കിളും കുട്ട്യോളും

## കാട്ടുപന്നിയുടെ തയ്യാറെടുപ്പ്

*പ്രിയ കൂട്ടുകാരേ,*

നാം എപ്പോഴും കരുതലോടെയിരിക്കണം. ഒരു ശത്രുവോ, ഒരാപത്തോ, ഒരു രോഗമോ അടുത്തെത്തുമ്പോൾ മാത്രം തപ്പിത്തടഞ്ഞ് എഴുന്നേറ്റിട്ട് കാര്യമില്ല. അതിനു മുമ്പുതന്നെ നാം എന്തിനും തയ്യാറായിരിക്കണം. അങ്ങനെയായാൽ നമുക്കൊന്നിനെയും ഭയപ്പെടേണ്ടതായി വരികയില്ല.

വളരെ പ്രസിദ്ധമായ ഒരു ഈസോപ്പു കഥയുണ്ട്. ഒരിക്കൽ ഒരു കാട്ടുപന്നി തന്റെ തേറ്റകൾ മരത്തിൽ ഉരച്ച് മൂർച്ച കൂട്ടുകയായിരുന്നു. ഈ സമയത്താണ് ഒരു കുറുക്കൻ ആ വഴിക്കു വന്നത്. പന്നിയുടെ തയ്യാറെടുപ്പു കണ്ട് കുറുക്കന് ചിരിവന്നു.

"എടോ ചങ്ങാതി, താനെന്താ ഇത്ര തിടുക്കത്തിൽ തേറ്റകൾക്ക് മൂർച്ച കൂട്ടുന്നത്? അടുത്തെങ്ങും ഒരു നായാട്ടുകാരനെയും കാണുന്നില്ലല്ലോ. അകലെ നിന്ന് ഒരു വേട്ടപ്പട്ടിയുടെ കുരപോലും കേൾക്കുന്നില്ലല്ലോ. എന്നിട്ടും ഇതെന്താ ഇത്രയ്ക്ക് വെപ്രാളം?" കുറുക്കൻ കാട്ടുപന്നിയെ പരിഹസിച്ചുകൊണ്ട് ചോദിച്ചു.

"താങ്കൾ പറയുന്നതൊക്കെ ശരിതന്നെ. പക്ഷേ, ആപത്ത് മുന്നിലെത്തുമ്പോഴല്ല ആയുധത്തിന്റെ മൂർച്ച കൂട്ടേണ്ടത്. എല്ലായ്പ്പോഴും അതു തയ്യാറാക്കി വയ്ക്കുകയാണ് ബുദ്ധിയുള്ളവർ ചെയ്യുക." കാട്ടുപന്നി ഉരുളയ്ക്ക് ഉപ്പേരിയെന്ന മട്ടിൽ മറുപടി പറഞ്ഞു.

അതുകേട്ടപ്പോൾ കുറുക്കന് വല്ലാത്ത നാണക്കേടും മാനക്കേടും തോന്നി. കാട്ടുപന്നി പറഞ്ഞത് ശരിയാണെന്നും അവന് ബോധ്യമായി. അവൻ താമസിയാതെ അവിടെ നിന്ന് സ്ഥലംവിട്ടു.

ശത്രു മുന്നിലെത്തുമ്പോൾ ആയുധം തയ്യാറാക്കാൻ ഒരുങ്ങുന്നവർ ജീവിതത്തിൽ പരാജയപ്പെടും. "ഓടുന്ന പട്ടിയെ വീഴ്ത്തണമെങ്കിൽ ഒരു മുഴം മുമ്പേ വടി എറിയണം" എന്ന പഴഞ്ചൊല്ലും ഇതുമായി ബന്ധപ്പെട്ടതാണ്. ആപത്തു ദൂരെയല്ലെന്നു കരുതി നാം എപ്പോഴും ഒരുങ്ങിയിരിക്കണം.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

കുട്ടിക്കവിത

## ആഹ്ലാദം!



ആരാമനടുവിലെ
അരളിയും ചെത്തിയും
ആയിരം കുലകൾ ചൂടി!

പൂക്കളെല്ലാവരും
പുഞ്ചിരിക്കുന്നിതാ
പുലരിയുദിച്ചപോലെ!

ഓരോ കുലയിലും
ഓമനക്കാഴ്ചയായ്
ഒരുനൂറ് പൂക്കളുണ്ടായ്!

ആഹ്ലാദം പങ്കിടാൻ
അയലത്തെ ബാലകർ
ആർത്ത് ചിരിച്ചുവന്നു!

**ടി.കെ.മാറിയിടം**

## ബാലനോവൽ – 17

**അന്തീനാട് ജോസ്**

# സ്വർണ്ണവിളക്ക്



ആകാശത്തിലെ ചന്ദ്രക്കലയ്ക്ക് ഒരു തേങ്ങാപ്പൂളിന്റെ വലുപ്പമേ ഉണ്ടായിരുന്നുള്ളു. ഇടയ്ക്കിടെ ചന്ദ്രനെ മറയ്ക്കാനെന്ന വണ്ണം എവിടെ നിന്നോ കുറെ കാർമേഘങ്ങൾ ഇഴഞ്ഞു നീങ്ങുന്നുണ്ട്.

നേരം ഇനിയും പുലർന്നിട്ടില്ല. സമയം എന്തായെന്ന് യാതൊരു നിശ്ചയവുമില്ല. പ്രഭാതപക്ഷികൾ ചിലയ്ക്കുന്ന സ്വരവും കേൾക്കുന്നില്ല.

ഇതിൽ നിന്നെല്ലാം ലാവോസ് ഒരു കാര്യം മനസ്സിലാക്കി. നേരം പുലരാൻ ഇനിയും കുറെ താമസം വരും. അവന്റെ ശരീരമാകെ തളർന്നിരുന്നു. നാട്ടിൽ നിന്ന് പോന്നതിൽപിന്നെ ഒരുനിമിഷം പോലും സ്വസ്ഥമായിരുന്നിട്ടില്ല.

ഇനിയെങ്കിലും തെല്ല് വിശ്രമിക്കണമെന്ന് കരുതിയാണ് അവൻ ആ കൂറ്റൻ മരത്തിന്റെ ചുവട്ടിൽ ഇരുന്നത്. അവിടെ ഇരുന്നാൽ പുറത്തുകൂടി പോകുന്ന ആർക്കും അവനെ കാണാൻ കഴിയില്ല. എത്രയും വേഗം നാട്ടിലെത്തിയിരുന്നെങ്കിൽ എന്നവ നാശിച്ചു.

ലാവോസ് ആ വിളക്കിലേക്കുതന്നെ നോക്കിയിരുന്നു. പിന്നെ ഏതാനും ഇലകൾ പറിച്ച് ആ വിളക്ക് പൊതിഞ്ഞു. ആരെങ്കിലും കണ്ടാൽ തന്നെ കൊന്ന് ഇത് കരസ്ഥമാക്കുമെന്ന് അവനറിയാം. ശരീരമാകെ തളരുന്നു. കൈകാലുകൾ വല്ലാതെ കഴയ്ക്കുന്നു. നാവും ചുണ്ടും വറ്റിവരളുന്നു. തണുത്ത കാറ്റിനുപോലും ശരീരത്തിലെ വിയർപ്പ് അടക്കാൻ കഴിയുന്നില്ല.

അവൻ സമീപം കണ്ട ഒരു കാട്ടുചോലയിൽ ഇറങ്ങി കുറെ അധികം ജലം അകത്താക്കി. പെട്ടെന്നു ക്ഷീണമെല്ലാം മാറി.

ഇനിയും വിശ്രമിക്കാൻ സമയമില്ല. അപകടങ്ങൾ കഴിഞ്ഞെന്നു കരുതാനാവില്ല. കാട്ടുരാജാവിന്റെ ശിങ്കിടികൾ സ്വർണ്ണവിളക്ക് പോയെന്നറിയുമ്പോൾ പൊട്ടിത്തെറിക്കും. അവർ ക്രൂരന്മാരാണ്. കാട്ടിലെ ഓരോ വഴിയും അവർക്ക് നിശ്ചയമാണ്. സർവ ഗുഹകളും അവർക്ക് ചിരപരിചിതമാണ്.

അവരോട് എതിർക്കാൻ മറ്റാർക്കും കഴിയില്ല. കാട്ടുരാജാവെന്നു കേട്ടാൽ എല്ലാവരും ഞെട്ടിവിറയ്ക്കും.

അവരുടെ പക്കൽ നിന്നാണ് താൻ വിളക്കു മോഷ്ടിച്ചിരിക്കുന്നത്. ഒരു നിമിഷം പോലും ഇനി വൈകാൻ പാടില്ലെന്ന് അവൻ തീരുമാനിച്ചു.

പെട്ടെന്ന് എവിടെയോ ഒരു ചുള്ളിക്കമ്പ് ഒടിയുന്ന ശബ്ദം കേട്ടു. ലാവോസ് മരത്തിനോട് ചേർന്നുനിന്നു. പിന്നെ ആ ശബ്ദം കേട്ട ഭാഗത്തേക്ക് ഉറ്റുനോക്കി. കുറ്റിച്ചെടികൾക്കിടയിൽ നിന്നുമാണ് ആ ശബ്ദം കേട്ടത്. അവന്റെയുള്ളിൽ തീയാളി. അവൻ ഒന്നുകൂടി സ്വർണ്ണവിളക്ക് മുറുകെ പിടിച്ചു. ജീവൻ പോയാലും ഇത് കൈവിടാൻ പറ്റില്ല.

മീനോസിന്റെ ജീവന്റെ വിലയാണിത്. വാസ്തവത്തിൽ ഈ വിളക്ക് അവന്റെ ഹൃദയം തന്നെയാണ്.ലാവോസ് വീണ്ടും നേർത്ത വെളിച്ചത്തിൽ കാട്ടിനുള്ളിലേക്കു നോക്കി. വീണ്ടും ഒരു കമ്പുകൂടി ഒടിയുന്ന ശബ്ദം കേട്ടു.

അവൻ വീണ്ടും ചെടികൾക്കിടയിലൂടെ സശ്രദ്ധം നോക്കി. അപ്പോഴാണ് ആ കാഴ്ച കണ്ടത്. ചെടികൾക്കിടയിലൂടെ ഇഴഞ്ഞും വലിഞ്ഞും തന്നോട് അടുത്തുകൊണ്ടിരിക്കുന്ന ഏതാനും ഭീകരർ. അവൻ സർവശക്തിയുമെടുത്ത് ഓടി.

'അതാ അവൻ.... പിടിയെടാ'... പിന്നിൽ നിന്നും കാടു ഞടുക്കുന്ന ശബ്ദം. അവൻ ഇരുട്ടിലൂടെ ഓടി. തൊട്ടുപിന്നാലെ ഭീകരന്മാരും. ലാവോസിന് ഒട്ടും കണ്ണു കാണാൻ കഴിയുന്നില്ല. ഒളിച്ചിരിക്കാൻ ഒരു സ്ഥലവും കാണുന്നില്ല. തന്നെയുമല്ല പരിചയമില്ലാത്ത സ്ഥലവും.

ഇരുളിലൂടെ തപ്പിത്തടഞ്ഞു നീങ്ങവേ ഒരു കൂറ്റൻ വള്ളിയിൽ തട്ടി അവൻ വീണു. അവൻ മുകളിലേക്കു നോക്കി. വലിയ ഒരു നദിയിലേക്കു ചാഞ്ഞു കിടക്കുന്ന മരം. മരത്തിൽ തൂങ്ങിക്കിടക്കുന്ന വള്ളിയാണത്.

പെട്ടെന്ന് അവനൊരു ബുദ്ധിതോന്നി. അവൻ വിളക്കു കടിച്ചുപിടിച്ചുകൊണ്ട്, വള്ളിയിലൂടെ മുകളിലേക്ക് കയറി. അവിടെ മരച്ചില്ലകൾക്കിടയിൽ അവൻ മറഞ്ഞിരുന്നു.

ഭീകരന്മാർ അതിന്റെ ചുവട്ടിലൂടെ എങ്ങോട്ടോ ഓടിമറഞ്ഞു. അപ്പോഴാണ് ലാവോസ് ഒന്നു ശ്വാസം വിട്ടതു തന്നെ.

നേരം പുലരുന്നതിനുള്ള ലക്ഷണങ്ങൾ കണ്ടു തുടങ്ങി. അവൻ വിളക്കും കടിച്ചു പിടിച്ചു വള്ളിയിലൂടെ താഴേക്കിറങ്ങി. പെട്ടെന്ന് വള്ളി പൊട്ടി അവൻ നദിയിലേക്ക് വീണു. വിളക്കും കടിച്ചുപിടിച്ച് അവൻ കരയിലേക്ക് നീന്താൻ ശ്രമിച്ചെങ്കിലും അതിനുമുമ്പ് ഒരു മുതല വന്ന് അവന്റെ കാലിൽ പിടികൂടി.



അപാരമായ നീലിമയുൾക്കൊണ്ട നദി. അനന്തമായ വനത്തെ രണ്ടായി തിരിക്കുന്നത് ആ നദിയാണ്. അധികം വീതിയില്ലെങ്കിലും അതിനു വളരെയധികം ആഴമുണ്ട്. തന്നെയുമല്ല ആ നദി മുതലകളുടെ ഒരു താവളവുമാണ്. ചെറുതും വലുതുമായി അനേകം മുതലകൾ അവിടെ സൈ്വരവിഹാരം നടത്തുന്നു. അവയുടെ പ്രധാനഭക്ഷണം നദിയിലെ മത്സ്യങ്ങളാണ്. അബദ്ധവശാൽ ഏതെങ്കിലും മനുഷ്യൻ അവിടെ വീണുപോയാൽ അവന്റെ കഥ കഴിഞ്ഞതു തന്നെ. എത്ര സമർത്ഥനായ നീന്തൽക്കാരനും രക്ഷപ്പെടുക സാധ്യമല്ല. ഒന്നിനു പിറകെ ഒന്നായി മുതലകൾ വന്നു വട്ടംകൂടും. പിന്നെ പൊടുന്നനെ അവ തങ്ങളുടെ ഇരയുടെ മേൽ ചാടി വീഴും. ആ നീരാളിപ്പിടുത്തത്തിൽ നിന്ന എത്രശക്തിയുള്ളവനും രക്ഷപ്പെടില്ല.

*(തുടരും.)*

CYAN MAGENTA YELLOW BLACK